**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് ഭരണ സമിതിയുടെ 30.04.2018 ലെ 4/109/18, 06.08.2018 ലെ 9/222/18 നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി)വകുപ്പ്**

**സ.ഉ.(സാധാ) നം.2342/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/09/2018**

---

പരാമർശം:- 1 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2018ലെ 4/109/18 നമ്പർ തീരുമാനം.

2 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.08.2018 ലെ 9/222/18 നമ്പർ തീരുമാനം.

3 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.08.2018 ലെ എ3 4545/18 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡ് ആനപ്പാറ എന്ന സ്ഥലത്ത് കോഴി ഫാം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീ. പാലയ്ക്കാ പറമ്പിൽ വിജയൻ എന്നവർ അപേക്ഷ സമർപ്പിച്ചിരുന്നതിൽ , ക്ലാസ്സ് II മുതൽ IV വരെയുള്ള ഫാമുകളുടെ ലൈസൻസ് അപേക്ഷകൾക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിലേയ്ക്ക് 25 മീറ്റർ ദൂരപരിധി മതിയാകുമെങ്കിലും പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ കോഴി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് 100 മീറ്റർ ദൂരപരിധി ആവശ്യമാണെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി. 5000 കോഴികളെ വളർത്തുന്നതിന് (ക്ളാസ് II മുതൽ IV വരെയുള്ള) ലൈസൻസ് അപേക്ഷകൾക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിലേയ്ക്കും 25 മീറ്റർ ദൂര പരിധി ഉണ്ടായാൽ മതിയെന്ന് പി.സി.ബി.-റ്റി4/115/1997(2) സർക്കുലർ പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 31/8/2016ലെ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ,പ്രസ്തുത

തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182(3) പ്രകാരം പുനരവലോകനം ചെയ്യുന്നതിന് സെക്രട്ടറി സമർപ്പിച്ചെങ്കിലും ആരോഗ്യ ഭീഷണിക്ക് പ്രഥമ പരിഗണന നൽകണമെന്ന നിലയ്ക്ക് മേൽ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത വിഷയം പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിഫാം നിർമ്മാണം തുടങ്ങുന്നതിനെതിരെ പരിസരവാസികൾ പരാതികൾ നൽകിയതിന്റെ അടിസ്ഥാനത്തിലും, സമാനമായ പ്രശ്നങ്ങൾ ഇനിയും ഉയർന്നു വരാതിരിക്കാനുമാണ് പഞ്ചായത്ത് പരിധിയിൽ നിർമ്മിക്കുന്ന പന്നി-കോഴി ഫാമുകൾ വാസഗൃഹങ്ങളിൽ നിന്നും കുടിവെള്ള സ്രോതസ്സുകളിൽ നിന്നും 100 മീറ്റർ ദൂരപരിധി വിട്ടിരിക്കണം എന്നും അല്ലാത്ത പക്ഷം പ്രസ്തുത പരിധിയ്ക്കുള്ളിൽ പ്രസ്തുത പരിധിക്കുള്ളിൽ വരുന്ന വാസഗൃഹ ഉടമകളുടെ എൻഒസി ലഭിക്കുന്ന മുറയ്ക്ക് മാത്രം ഫാം പണിയുവാനുള്ള അനുമതി നൽകുവാൻ പാടുള്ളു എന്നും ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ആയത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 31/8/2016ലെ പി.സി.ബി.-റ്റി4/115/1997(2) നം .സർക്കുലറിന് വിരുദ്ധമാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, പുൽപ്പള്ളി പി ഒ, വയനാട് -673579.

സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, പുൽപ്പള്ളി പിഒ, വയനാട്-673579

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ